**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2580** **21-01-2021 - ൽ മറുപടിയ്ക്ക്**

**ഉത്തരവാദിത്വ ടൂറിസം മിഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. ജെ. വിനോദ് | | **Shri. Kadakampally Surendran**<br>**(സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി)** | |
| (എ) | ഉത്തരവാദിത്വ ടൂറിസം മിഷന്റെ ആഭിമുഖ്യത്തിൽ ടൂറിസം മേഖലയിൽ നടപ്പിലാക്കിയ പദ്ധതികൾ ആ മേഖലയിൽ ഉണ്ടാക്കിയ മാറ്റം വിശദമാക്കുമോ; | (എ) | ഉത്തരവാദിത്ത ടൂറിസം മിഷന്റെ പ്രധാന പ്രവർത്തനങ്ങളെല്ലാം തന്നെ തുടർ പ്രവർത്തനങ്ങളാണ്. ചെറുതും വലുതുമായ ഉത്തരവാദിത്ത ടൂറിസം അവബോധ ശില്പശാലകൾ, പരിശീലനങ്ങൾ, യൂണിറ്റ് രൂപീകരണം, അവയുടെ ഓൺലൈൻ രജിസ്ട്രേഷൻ, ടൂറിസം മേഖലയുമായി ബന്ധപ്പെടുത്തൽ, വിവിധ എക്സ്പീരിയൻസ് ടൂർ പാക്കേജുകളുടെ രൂപീകരണം, അവയുടെ മാർക്കറ്റിങ്ങും പ്രൊമോഷനും എന്നിങ്ങനെയുള്ള വിവിധ പ്രവർത്തനങ്ങളും ഉത്തരവാദിത്ത ടൂറിസം മിഷൻ നടത്തി വരുന്നു. മിഷന്റെ ഈ പ്രവർത്തനങ്ങളിലൂടെ പ്രാദേശിക സമൂഹവും ടൂറിസം വ്യവസായവും പരസ്പര സഹകരണത്തിൽ മുന്നോട്ടു പോകുകയും ചെയ്യുന്നു. മിഷൻ പ്രവർത്തനങ്ങളുടെ ഫലമായി കൂടുതൽ ടൂറിസം സംരഭകർ ഉത്തരവാദിത്ത ടൂറിസം മിഷനുമായി സഹകരിച്ചു പ്രവർത്തിക്കുവാൻ ആരംഭിച്ചു. മിഷന്റെ പാരിസ്ഥിതിക ഉത്തരവാദിത്ത പ്രവർത്തനങ്ങളുടെ ഭാഗമായി കേരളത്തിലെ അഞ്ഞൂറ് അക്കോമഡേഷൻ യൂണിറ്റുകൾ പതിനൊന്നിനം പ്ലാസ്റ്റിക് ഉൽപ്പന്നങ്ങളുടെ ഉപയോഗം നിർത്തലാക്കികൊണ്ട് പ്ലാസ്റ്റിക് ഫ്രീ ആയി സ്വയം പ്രഖ്യാപിക്കുകയുണ്ടായി. ഇതിനെത്തുടർന്ന് കുമരകത്തെ എല്ലാ ഹോട്ടലുകളും പ്ലാസ്റ്റിക് ഫ്രീ ആയി. ഏതാനും ചില കേന്ദ്രങ്ങളിൽ ഒതുങ്ങി നിന്നിരുന്ന ഉത്തരവാദിത്ത ടൂറിസം പ്രവർത്തനങ്ങൾ, ആർ.ടി. മിഷന്റെ പ്രവർത്തനങ്ങളിലൂടെ സംസ്ഥാന വ്യാപകമാവുകയും നിരവധി ചെറു ടൂറിസം കേന്ദ്രങ്ങളും, വൈവിധ്യമാർന്ന പുതിയ ടൂറിസം പാക്കേജുകൾ/ ഉൽപ്പന്നങ്ങൾ എന്നിവ കേരള ടൂറിസം രംഗത്ത് ഉണ്ടാകുന്നതിനും കാരണമായി. കേരളത്തിലെ |

| | | | |
|---|---|---|---|
| | | | ഉത്തരവാദിത്ത ടൂറിസം മിഷൻ പ്രവർത്തനങ്ങൾ മറ്റു പല സംസ്ഥാനങ്ങൾക്കും മാതൃക ആകുകയും ചെയ്തിട്ടുണ്ട്. കേരളത്തിലെ ഉത്തരവാദിത്ത ടൂറിസം മിഷന്റെ മാതൃകയിൽ മധ്യ പ്രദേശിൽ ഉത്തരവാദിത്ത ടൂറിസം പ്രവർത്തനങ്ങൾ നടപ്പിലാക്കുവാൻ കേരള ടൂറിസവുമായി മധ്യ പ്രദേശ് ടൂറിസം ബോർഡ് കരാറിൽ ഏർപ്പെടുകയും, കേരളത്തിലെ ഉത്തരവാദിത്ത ടൂറിസം പ്രവർത്തനങ്ങൾ നേരിട്ട് കണ്ടു മനസ്സിലാക്കുവാനും പഠിക്കുവാനും മധ്യപ്രദേശ് ടൂറിസം മന്ത്രി ശ്രീമതി. ഉഷ താക്കൂർ നയിച്ച 12 അംഗ ഉദ്യോഗസ്ഥ സംഘം 2021 ജനുവരി 12 മുതൽ 18 വരെ ഒരാഴ്ച നീണ്ടുനിൽക്കുന്ന സന്ദർശനം നടത്തുകയുണ്ടായി. |
| (ബി) | കോവിഡ് പശ്ചാത്തലത്തിൽ കൊച്ചി ബിനാലെ പോലുള്ള മേളകൾ സംഘടിപ്പിക്കുന്നതിന് കഴിയാത്ത സാഹചര്യത്തിൽ സംസ്ഥാനത്തെ ടൂറിസം മേഖലയിലേക്ക് കൂടുതൽ സഞ്ചാരികളെ ആകർഷിക്കുവാൻ മറ്റ് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്ന് അറിയിക്കുമോ; | (ബി) | കോവിഡ് പശ്ചാത്തലത്തിൽ സംസ്ഥാന ടൂറിസം മേഖലയിലേക്ക് കൂടുതൽ സഞ്ചാരികളെ ആകർഷിക്കുവാൻ സംസ്ഥാന ടൂറിസം വകുപ്പ് നിരവധി പരിപാടികൾ ആസൂത്രണം ചെയ്യുന്നുണ്ട്. ജനുവരി, ഫെബ്രുവരി, മാർച്ച് മാസങ്ങളിൽ ദേശീയ തലത്തിലുള്ള ഒരു സ്പെഷ്യൽ ക്യാമ്പയിൻ നടത്തുന്നുണ്ട്. മാർച്ചിൽ കേരള ട്രാവൽ മാർട്ട് നടത്തുന്നതിനും പദ്ധതിയുണ്ട്. വെർച്വൽ ബിസിനസ് മീറ്റ് സംഘടിപ്പിക്കുവാനും വകുപ്പ് തീരുമാനിച്ചിട്ടുണ്ട്. വെർച്വലായി നടത്തുന്ന ട്രാവൽ മേളകളിലും ടൂറിസം വകുപ്പ് പങ്കെടുത്ത് വരുന്നുണ്ട്. |
| (സി) | ടൂറിസം സെന്ററുകളിലെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനായി ആവിഷ്കരിച്ച ഗ്രീൻ കാർപെറ്റ് പദ്ധതി വിജയകരമാണോ; ഇതിനായി കേന്ദ്ര സഹായം ലഭ്യമാണോ? | (സി) | വിനോദസഞ്ചാര കേന്ദ്രങ്ങളുടെ ഗുണമേന്മ ഉറപ്പു വരുത്തുന്നതും സുസ്ഥിര വികസനം സാധ്യമാക്കുന്നതുമായ ലക്ഷ്യപ്രാപ്തിയാണ് ഗ്രീൻ കാർപ്പറ്റ് എന്ന പദ്ധതി കൊണ്ട് ടൂറിസം വകുപ്പ് ലക്ഷ്യമിടുന്നത്. വിനോദസഞ്ചാര മേഖലയെ ജീവനോപാധിയായി ഉപയോഗപ്പെടുത്തുന്ന വിഭാഗങ്ങൾ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ, സാമൂഹ്യ സംഘടനകൾ എൻ.ജി.ഒ കൾ, വിദ്യാർത്ഥികൾ തുടങ്ങിയവയെ കൂട്ടിയോജിപ്പിച്ച് അടിസ്ഥാന സൗകര്യ മേഖലയിലെ സുസ്ഥിര വികസനവും സംരക്ഷണവും പദ്ധതി ഉറപ്പു വരുത്തുന്നു. 2020 അവസാനത്തോടുകൂടി കേരളത്തിലെ 14 ജില്ലകളിലെ 77 കേന്ദ്രങ്ങൾ ഗ്രീൻ കാർപ്പറ്റ് എന്ന ബ്രാന്റിങ്ങോടുകൂടി അന്താരാഷ്ട്ര നിലവാരമുള്ള വിനോദസഞ്ചാര കേന്ദ്രങ്ങളാക്കി മാറ്റുന്നതിനുള്ള പ്രവർത്തനങ്ങൾ ടൂറിസം വകുപ്പ് വിജയകരമായി നടപ്പിലാക്കി വരുകയാണ്. ഈ പദ്ധതിയ്ക്കായി കേന്ദ്ര സഹായം ലഭിച്ചിട്ടില്ല . |

സെക്ഷൻ ഓഫീസർ